# SECOND TERM EVALUATION 2024-25
## ADISTHANA PADAVALI , CLASS 10
## ANSWER KEY BY: SURESH AREEKODE,HST [MALAYALAM,GVHSS KIZHUPARAMBA,PH:9562521509]

1.കോഴിയും കിഴവിയും -കാരൂർ നീലകണ്ഠപ്പിള്ള

2.നാക്ക് പോലുള്ള ഇലകൾ

3 തുമ്പച്ചെടികൾ മഹാബലിയെ ഭയന്ന് വിറച്ചുനിൽക്കുന്നു

4 പത്രവാർത്തകൾക്ക് വിശ്വാസ്യത കുറവാണ്

5 മിതമായ ഭാഷ.

6."പത്രങ്ങൾ സൂര്യന്റെ ചുവടെയും മേലെയുമുള്ള എല്ലാറ്റിനെയും പറ്റി വൃത്താന്തങ്ങൾ തരുന്നു എന്ന് മാത്രമല്ല, അവയെ വിമർശിക്കുകയും ചെയ്യുന്നു.'' **[അർദ്ധവിരാമം(,)പൂർണ വിരാമം(.) ഉദ്ധരണി("---")**

7.കോഴിയെ കറി വെച്ച് മത്തായിയും പെമ്പിള്ളയും അത്താഴം കഴിക്കുന്നു.

- മറ്റുള്ളവർ അറിയാതെയാണ് ,ഭാര്യയും ഭർത്താവും ഈ കൃത്യം നിർവഹിച്ച് വളരെ വൈകി ഉറങ്ങുന്നത്.

8.ശ്രീനാരായണഗുരു തന്റെ യോഗശക്തിയും ജ്ഞാനശക്തിയും ആധ്യാത്മിക മണ്ഡലത്തിൽ തളച്ചിടുകയല്ല ചെയ്തത് , സാധാരണക്കാർക്ക് പകർന്നു കൊടുക്കുകയായിരുന്നു.

- തപസ്സുശക്തികൊണ്ട് വികസിപ്പിച്ച വ്യക്തിമഹത്വത്തെ സമൂഹഉന്നമനത്തിനായി വിനിയോഗിച്ചു.

9.ഒരു ഉറുമ്പിനു പോലും വേദനയുണ്ടാക്കാത്ത അനുകമ്പയാണ് ഗുരു വെച്ച് പുലർത്തിയത് .

- മറ്റുള്ളവർക്ക് ഉപകാരം ചെയ്യുന്നതാണ് പുണ്യം.
- മറ്റുള്ളവരെ വേദനിപ്പിക്കുന്നത് പാപമാണ് എന്ന ചിന്ത
- തന്നിരിക്കുന്ന ഇരു ഭാഗങ്ങളിലും സമാനമായ ആശയങ്ങളാണ്ഉൾക്കൊള്ളുന്നത്
- ഗുരുപദേശങ്ങളിലെ മാനവികത ബോധ്യപ്പെടുത്തുന്നത്

10.മഹാബലി മന്നനെ വരവേൽക്കാൻ പ്രകൃതി അണിഞ്ഞൊരുങ്ങി നിൽക്കുന്നത് മനോഹരമായ അവതരിപ്പിച്ചിരിക്കുന്നു.

- പ്രകൃതിയിൽ മനുഷ്യഭാവം കൽപ്പിക്കുന്നതിന്റെ ഭംഗി
- കുഴഞ്ഞു മടങ്ങിയ കരവിരലോടെ ദീപക്കുറ്റികൾ നാട്ടിയിരിക്കുന്നതായി മുക്കുറ്റി പൂക്കളെ കൽപ്പിച്ചിരിക്കുന്നു.
- പ്രകൃതിയുടെ ഭംഗി വാക്കുകളിലൂടെ മനോഹരമായ വർണ്ണിച്ചിരിക്കുന്നു

11.കോഴിയെ കറിവെച്ച് തിന്ന് കുറ്റം മാർക്കോസിൽ ആരോപിക്കാൻ ,പോലീസ് കേസ് ആക്കിയ മത്തായി

- അതിനോടുള്ള അമ്മച്ചിയുടെ പ്രതിഷേധം
- മകൻ ചെയ്ത അനീതിക്കു കൂട്ടുനിൽക്കാത്ത പഴമയുടെ മൂല്യ സംരക്ഷണം.
- മത്തായിയുടെയും ഭാര്യയുടെയും പ്രവൃത്തിയിൽ വല്യമ്മയ്ക്കുള്ള അമർഷം .
- അയൽവാസിയായ മാർക്കോസിനെ സ്നേഹിക്കുന്ന വല്യമ്മ.

Suresh Areekode

- ചെയ്ത തന്ന ഉപകാരം -മൂട് മറക്കാത്ത -അമ്മച്ചിയുടെ വ്യക്തിത്വം

12.സ്നേഹത്തിന്റെ മഹത്വം വ്യക്തമാക്കുന്ന ഭാഗങ്ങൾ.

- പകലന്തിയോളം അധ്വാനിച്ച് കഞ്ഞിക്കുള്ള വകയുമായി എത്തുന്ന സ്നേഹം
- രാത്രി ഏറെ വൈകി കഞ്ഞി വെച്ച് കുടിച്ച് ഉള്ളതിൽ സംതൃപ്തിയടയുന്ന,സ്നേഹത്തോടെ കഴിയുന്ന കുടുംബം
- ഇല്ലായ്മകളെ സ്നേഹം കൊണ്ട് അതിജീവിക്കുന്ന കുടുംബം.
- സ്നേഹബന്ധങ്ങളുടെ ഊഷ്മളത സമൂഹത്തിന് ബോധ്യപ്പെടുത്തുന്ന മാതൃകാ ദമ്പതികൾ

13.സുകുമാർ അഴീക്കോടിന്റെ നിരീക്ഷണത്തിലെ സത്യാവസ്ഥ.

- എല്ലാ പത്രങ്ങളും വായിച്ചാലും സത്യമായ വാർത്ത കണ്ടെത്താൻ കഴിയാത്ത പ്രയാസം.
- വായനക്കാരന്റെ സ്വന്തമായ കണക്കുകൂട്ടലുകളിലൂടെ,ഊഹത്തിലൂടെ ,ഭാവനയിലൂടെ സത്യത്തിൽ എത്താൻ ശ്രമപ്പെടുന്നതിന്റെ ദയനീയാവസ്ഥ.
- പത്രമാധ്യമങ്ങൾ ,പത്രധർമ്മത്തിൽ നിന്ന് അകലുന്നതിന്റെ കുട്ടിയെഴുത്തുകൾ

14."നാട്യപ്രധാനം നഗരം ദരിദ്രം,നാട്ടിൻപുറം നന്മകളാൽ സമൃദ്ധം''- കുറ്റിപ്പുറത്ത് കേസ് നായരുടെ വരികളുടെ സമാനമായ ആശയം.

- നാട്ടു നന്മകളെ ഉണർത്തുന്ന ആശയങ്ങൾക്ക് അടിവരയിടുന്ന കാരൂർ കഥകളുടെ ഇതിവൃത്തം.
- മൂല്യങ്ങൾ കാത്തു സൂക്ഷിക്കുന്ന വല്യമ്മ .
- സ്വന്തം മകന്റെ അനീതിയിൽ ,മർക്കോസിന് നീതി നിഷേധിക്കുമ്പോൾ അതിനെതിരെ പ്രതികരിക്കുന്നു.
- നന്മമരമായി കഥയിലെ വല്യമ്മ മാറുന്നു.
- നിലാവ് പെയ്യുന്ന നാട്ടുവഴിയിൽ നന്മകൾ അസ്തമിച്ചിട്ടില്ലെന്ന് ഉറക്കെ വിളിച്ച പറയുന്ന കഥാപാത്രമായി അമ്മച്ചി മാറുന്നു
- കുട്ടികൾ തമ്മിലുള്ള തർക്കം - പിന്നീട് പിണക്കം മറന്ന് ഇണക്കമാകുന്നത്
- ജീവികളോടുള്ള സ്നേഹം - കോഴിയെ കൊല്ലുന്നതുമായി ബന്ധപ്പെട്ട്

15.**പ്രഭാഷണം.ഘടന പാലിച്ചിട്ടുണ്ട്.**

- **അഭിസംബോധന, വിഷയ സൂചന ......**
- ശ്രീനാരായണ ഗുരുവിന്റെ ആശയങ്ങൾ അതിൻറെ പ്രാധാന്യം,പ്രസക്തി
- മനുഷ്യനാണ് പ്രധാനം -ജാതിക്കല്ല.
- എല്ലാ മനുഷ്യരും ദൈവ സൃഷ്ടികളാണ്- മനുഷ്യാണാം മനുഷ്യത്വം ജാതി: -എന്ന് ഉദ്ഘോഷിക്കുന്നു.
- ജാതിയുടെ, മതത്തിൻറെ പേരിൽ ഉള്ള തർക്കങ്ങൾ /കലാപങ്ങൾ /രക്തച്ചൊരിച്ചിലുകൾ
- സമൂഹഉന്നമനത്തിന് ജാതി തടസ്സം ആകരുത്.
- മതമൈത്രിയും മാനവമൈത്രിയും കാത്തുസൂക്ഷിക്കേണ്ടതിന്റെ ആവശ്യകത.
- ആനുകാലിക സംഭവങ്ങളുമായി ബന്ധിപ്പിച്ച അവതരണം

16.കാരൂർ നീലകണ്ഠപ്പിള്ളയുടെ കോഴിയും കിഴവിയും എന്ന കഥയിലെ പ്രധാന കഥാപാത്രങ്ങളാണ് മർക്കോസും മത്തായിയും.

Suresh Areekode

- മർക്കോസ് സൗമ്യമായ പ്രകൃതക്കാരൻ ആണെങ്കിൽ മത്തായി തീവ്ര മനോഭാവം വച്ച് പുലർത്തുന്നു.
- മാർക്കോസ് പറയുന്നതിന്റെ എതിര് പിടിക്കുക എന്നത് മത്തായിയുടെ വ്രതമാണ് .
- കുടുംബസ്ഥിതിയിൽ അഭിമാനമുള്ള വ്യക്തിയാണ് മാർക്കോസ് ,മത്തായിക്ക് പണം ഉണ്ടെന്നതിന്റെ അഹംഭാവം ആണുള്ളത്.
- കോഴിയെ എറിഞ്ഞു കൊന്നു തിന്നു എന്ന കുറ്റം മർക്കോസിന്റെ തലയിൽ കെട്ടിവെക്കുന്ന മത്തായി.
- അയൽപക്കക്കാരനായ മർക്കോസിനോട് ഒട്ടും സ്നേഹമില്ലാത്ത പ്രകൃതമായിരുന്നു മത്തായിക്ക്.
- വീടുവയ്ക്കാൻ സ്ഥലം നൽകിയത് മർക്കോസിന്റെ അപ്പനാണെന്ന കാര്യം , മത്തായി സൗകര്യപൂർവം മറക്കുന്നു.
- മൂട് മറക്കുന്നവൻ മത്തായി-ഉണ്ട ചോറിന് നന്ദി കാണിക്കുന്നില്ല.
- മർക്കോസിനെ സ്വന്തം മകനായി കാണുന്നതിൽ മത്തായിക്ക് അമ്മച്ചിയോട് ദേഷ്യം.
- അയൽവാസിയായ മാർക്കോസിനെ എങ്ങനെയെങ്കിലും അവിടെ നിന്നും തുരത്താനുള്ള എല്ലാ മാർഗ്ഗവും അന്വേഷിക്കുന്ന ക്രൂര കഥാപാത്രമായി മത്തായി മാറുന്നു

17. **തലക്കെട്ട് :പത്രധർമ്മവും സമൂഹവും.**

- സുകുമാർ അഴീക്കോടിന്റെ  ലേഖനം പത്രനീതി.
- പത്രങ്ങൾ നീതിയുടെ പക്ഷത്തുനിന്ന് അകലുന്നതിന്റെ സൂചനകൾ.
- പലപത്രങ്ങൾ വായിക്കുന്നത് സത്യമായ വാർത്തയുടെ അടുത്തെങ്കിലും എത്താൻ കഴിയുമെന്ന വിശ്വാസത്തിൽ.
- പത്രധർമ്മം മറക്കുന്ന ആനുകാലിക പത്രമാധ്യമങ്ങൾ ,ഇലക്ട്രോണിക് മാധ്യമങ്ങൾ.
- ജനാധിപത്യത്തിൻറെ ജിഹ്വ (നാവ് )യായി മാറേണ്ട പത്രങ്ങൾ ഉത്തരവാദിത്വങ്ങൾ ഇന്ന് ഒഴിഞ്ഞുമാറുന്നു.
- നന്മതിന്മകളുടെ ആത്മാംശങ്ങൾ പകർന്നു നൽകാൻ ഇന്നത്തെ പത്രങ്ങൾക്ക് ആകുന്നില്ല.
- പത്രങ്ങളുടെ രാഷ്ട്രീയ നിലപാടുകൾ,സാമ്പത്തിക വശങ്ങൾ ,പരസ്യങ്ങൾ
- സെൻസേഷണൽ വാർത്തകൾ ,ബ്രേക്കിംഗ് ന്യൂസ്.
- അധികാര കേന്ദ്രങ്ങളോടുള്ള പത്രങ്ങളുടെ നിലപാടുകൾ .
- പത്രങ്ങൾ അവയുടെ സർക്കുലേഷൻ വർദ്ധിപ്പിക്കാൻ എടുക്കുന്ന തന്ത്രങ്ങൾ.
- വായനക്കാരിൽ നിന്ന് ,സമൂഹത്തിൽനിന്ന് അകലുന്ന പത്രപ്രവർത്തനം.
- പെയ്ഡ് ജേണലിസം. ( ജേണലിസം - ജീർണലിസം ആകുന്ന അവസ്ഥ).
- **പരിഹാരങ്ങൾ:** പത്രങ്ങൾ സാമൂഹ്യ നന്മ ലക്ഷ്യമാക്കണം.
- തിന്മക്കെതിരെ പ്രതികരിക്കണം.
- തിരുത്തൽ ശക്തി ആകണം.
- ജനാധിപത്യത്തിന്റെ നാലാം തൂണ് [ഫോർത്ത് എസ്റ്റേറ്റ് ]എന്ന നിലപാടിൽ ഉറച്ചുനിൽക്കണം.

Suresh Areekode

Suresh Areekode